# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

**നം.പി.ആർ. 22/2026** **തിരുവനന്തപുരം, തീയതി: 30/01/2026**

## പത്രക്കുറിപ്പ്

## പ്രൈവറ്റ് രജിസ്ട്രേഷൻ - അപേക്ഷ തീയതി ദീർഘിപ്പിച്ചു

2025-26 അക്കാദമിക വർഷത്തിലെ ബിഎ/ബികോം/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബിബിഎ/ബികോം അഡീഷണൽ ഇലക്റ്റീവ് കോ – ഓപ്പറേഷൻ /ട്രാവൽ ആന്റ് ടൂറിസം എന്നീ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾക്ക് അപേക്ഷിക്കേണ്ട അവസാന തീയതി 2026 ഫെബ്രുവരി 16 വരെ നീട്ടിയിരിക്കുന്നു. ബിഎ/ബികോം/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബികോം അഡീഷണൽ ഇലക്റ്റീവ് കോഴ്സുകൾക്ക് നിശ്ചിത ഫീസിനോടൊപ്പം 2625/- രൂപ പിഴയോടുകൂടിയും ബിബിഎ കോഴ്സിന് നിശ്ചിത ഫീസിനോടൊപ്പം 3150/- രൂപ പിഴയോടുകൂടിയും അപേക്ഷിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ കേരള സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്സി ജോഗ്രഫി & എംഎസ്സി സുവോളജി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ബയോസിസ്റ്റമാറ്റിക്സ് ആന്റ് ബയോഡൈവേഴ്സിറ്റി, എംഎസ്സി ഇലക്ട്രോണിക്സ്, എംഎ ഇസ്ലാമിക് ഹിസ്റ്ററി, എംഎ ഹിസ്റ്ററി (വേൾഡ് ഹിസ്റ്ററി ആന്റ് ഹിസ്റ്റോറിയോഗ്രാഫി) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ഫെബ്രുവരി 08 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 സെപ്റ്റംബറിൽ നടത്തിയ ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (റെഗുലർ - 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2018 – 2020 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ഫെബ്രുവരി 09 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബിഎ/ബിഎസ്സി/ബികോം ന്യൂജെനറേഷൻ ഡബിൾ മെയിൻ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ഫെബ്രുവരി 07 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ത്രിവത്സര എൽഎൽബി [റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020 – 2022 അഡ്മിഷൻ - (2020 സ്കീം), സപ്ലിമെന്ററി – 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2011 – 2018 അഡ്മിഷൻ - (2011 സ്കീം)], പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 ഫെബ്രുവരി 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>കോംപ്രിഹെൻസീവ് വൈവവോസി</u>

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2025 ജൂണിൽ നടത്തിയ എംഎ ഇംഗ്ലീഷ് ഫൈനൽ ഇയർ മേഴ്സിചാൻസ് പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവവോസി 2026 ഫെബ്രുവരി 11 ന് കേരളസർവകലാശാല പാളയം ക്യാമ്പസ്സിലെ ഇ.എസ്. കോൺഫറൻസ് ഹാളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>പുനഃക്രമീകരിച്ച പരീക്ഷാകേന്ദ്രം</u>

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിസിഎ (332) (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2019 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷകൾ 2026 ഫെബ്രുവരി 10, 11, 12, 13 തീയതികളിൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. യു.ഐ.ടി. മുഖത്തല പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് 2026 ഫെബ്രുവരി 11, 13 തീയതികളിൽ കൊട്ടിയം ഡോൺ ബോസ്കോ കോളേജ് പരീക്ഷാകേന്ദ്രമായി ക്രമീകരിച്ചിരിക്കുന്നു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**